**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3588 15.03.2018-ലെ മറുപടിയ്ക്ക്

## <u>കായിക താരങ്ങൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | വിവിധ ഇനങ്ങളിൽ മികവ് തെളിയിച്ച കായിക താരങ്ങൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ഇൻഡ്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ കായികതാരങ്ങൾക്ക് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.<br>മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വരെ കലണ്ടർ വർഷങ്ങളിലെ 249 ഒഴിവികളിലേക്ക് കായിക താരങ്ങളിൽ നിന്നും സർക്കാർ സർവ്വീസിൽ നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയുണ്ടായി. അപ്രകാരം ലഭിച്ച അപേക്ഷകൾ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച പ്രത്യേക സെൽ വിശദമായി പരിശോധിച്ച് |
| (ബി) | ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | | |

| | | | |
|---|---|---|---|
| | | | അർഹരായ അപേക്ഷകരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട കായിക താരങ്ങളുടെ അസ്സൽ സർട്ടിഫിക്കറ്റുകൾ/രേഖകൾ പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഫുട്ബോൾ, വോളിബോൾ, ഹോക്കി,കബഡി തുടങ്ങിയ കായിക ഇനങ്ങളിലും അത്ലറ്റിക്സിലും സംസ്ഥാനതലത്തിലും ദേശീയ തലത്തിലും മികവു തെളിയിച്ച കായിക താരങ്ങളെ സംസ്ഥാന സർവ്വീസിൽ റിക്രൂട്ട് ചെയ്ത് മികച്ച ടീമുകളെ വാർത്തെടുക്കുന്നതിന് കായിക വകുപ്പ് നടപടി സ്വീകരിക്കുമോ? | (സി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച കായിക ഇനങ്ങളിൽ, മികച്ച കായിക നേട്ടത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന സ്പോർട്സ് ക്വാട്ടാ നിയമനത്തിൽ ഫുട്ബോൾ, വോളിബോൾ, ഹോക്കി, കബഡി , അത്ലറ്റിക്സ് തുടങ്ങിയ കായിക ഇനങ്ങളും ഉൾപ്പെടുന്നു. മേൽ നിയമിതരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന താരങ്ങൾ ഉൾപ്പെടുന്ന സംസ്ഥാന സിവിൽ സർവ്വീസ് ടീം ദേശീയ മത്സരങ്ങളിൽ പങ്കെടുത്തുവരുന്നു. കൂടാതെ കേരള പോലീസ്, കെ.എസ്.ഇ.ബി തുടങ്ങിയ വകുപ്പുകൾ/സ്ഥാപനങ്ങൾ ഫുട്ബോൾ, വോളീബോൾ, അത്ലറ്റിക്സ്, എന്നീ ഇനങ്ങളിൽ ടീമുകളെ പരിശീലിപ്പിച്ച് നിലനിർത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**